(ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സംഗതിയോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതിൽ കൂടുതൽ ഒന്നും പറയുവാനില്ല.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള നടപടികൾ തടസ്സപ്പെടുത്തത്തക്കവിധത്തിൽ 'അഴിമതിയാണേ അഴിമതിയാണേ പ്ലസ് ടു മുഴുവൻ അഴിമതിയാണേ 'യു.ഡി.എഫ്. സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.....(ബഹളം).....)

യേസ്..... യേസ്..... പ്ലീസ് ഹിയർ, പ്ലീസ് ഹിയർ.....ഐറ്റം നമ്പർ 3 ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്.

## III റിപ്പോർട്ട് സമർപ്പണം

### അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മൂന്നാമതായ റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമതായ റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു..... (ബഹളം)..... ഐറ്റം നമ്പർ IV.

## IV ധനകാര്യം

### 2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും

### ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.....(ബഹളം).....

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly